

മാധ്യമങ്ങൾ സാമൂഹ്യമാറ്റത്തിന് ഒരുങ്ങണം

ഗ്ലോബൽ മലയാളി പെന്തെക്കോസ്തൽ മീഡിയ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ ത്രിദിന കോൺഫറൻസ് പങ്കാളിത്തം കൊണ്ടും, ആശയ സമ്പുഷ്ടികൊണ്ടും ശ്രദ്ധേയമായിരുന്നു. കോൺഫ്രൻസിൽ മുഴങ്ങിക്കേട്ട ആഹ്വാനങ്ങളും, ഉയർന്നുകേട്ട പ്രഭാഷകരുടെ വാക്കുകളും ചിന്തനീയമായിരുന്നു. കാലഘട്ടത്തിന്റെ ആവശ്യം മനസിലാക്കി പുതിയ വഴികാട്ടിയാവുകയായിരുന്നു മാധ്യമപ്രവർത്തകരുടെ ഈ സംഗമം.

വസ്തുതകളിൽ ശ്രദ്ധിക്കണം

സണ്ണിക്കുട്ടി ഏബ്രഹാം
(മുതിർന്ന മാധ്യമ പ്രവർത്തകൻ)

ഒരു മാധ്യമ പ്രവർത്തകൻ സത്യത്തോടും വസ്തുതയോടും (Facts) ഏറ്റവും അടുത്ത് നിൽക്കണം. ഒരു വാർത്ത കിട്ടിയാൽ അതു ചെക്ക് ചെയ്യണം, റീ - ചെക്ക് ചെയ്യണം, കൗണ്ടർ ചെക്ക് ചെയ്യണം. അതിനു ശേഷമേ, വാർത്ത പ്രസിദ്ധീകരിക്കാവൂ. ഒരു മാധ്യമപ്രവർത്തകൻ ഒരു വ്യക്തിയെക്കുറിച്ച് വിമർശിച്ച് എഴുതുമ്പോൾ അദ്ദേഹത്തിന് ഒരു കുടുംബം ഉണ്ട്, മാതാപിതാക്കൾ ഉണ്ട്, അദ്ദേഹവും സമൂഹത്തിന്റെ ഭാഗമാണ് എന്ന് മനസ്സിലാക്കിയെ എഴുതാവൂ. എന്നാൽ സത്യം മറച്ചു വെക്കാനും പാടില്ല. ക്രൈസ്തവ മേൽവിലാസമുള്ള എഴുത്തുകാർ വസ്തുതകൾ ഏറെ ശ്രദ്ധിക്കണം.

പോസിറ്റീവ് വാർത്തകളിൽ താല്പര്യമില്ലാത്ത കാലം!

ജോണി ലൂക്കോസ്
(ഡയറക്ടർ, മനോരമ ന്യൂസ് ചാനൽ)

മാധ്യമങ്ങൾക്ക് ആധുനിക കാലത്ത് ധാർമികത നഷ്ടപ്പെടുന്നു. ഈ കാലഘട്ടത്തിന്റെ ആവശ്യം സാമൂഹിക പ്രതിബന്ധതയുള്ള മാധ്യമ പ്രവർത്തനമാണ്. പോസിറ്റീവ് വാർത്തകളിൽ പൊതുജനത്തിന് താൽപര്യമില്ല. നുണ പറയുന്നവരാണ് ഏറ്റവും മിടുക്കർ. ടെലിവിഷൻ ഇന്ന് 'റുൾ ഓഫ് നോയിസ്' ആയിരിക്കുന്നു. ഉൾക്കാഴ്ചയും നിലപാടും ഇല്ല. മനസ്സാക്ഷിക്ക് അനുസരിച്ച് പ്രവർത്തിക്കുന്നവർക്ക് എന്നും ദുഃഖകരമായ അനുഭവമാണ് ഉണ്ടാക്കുന്നത്. സോഷ്യൽ മീഡിയയുടെ വരവോടെ ഒരു തരം വൈറ്റൈറ്റ് സൃഷ്ടിക്കപ്പെട്ടു. ലൈക്ക് അല്ലെങ്കിൽ ഡിസ് ലൈക്ക് ഫോട്ടോ അല്ലെങ്കിൽ അൺ ഫോട്ടോ. നമ്മളും നിങ്ങളും സൃഷ്ടിക്കപ്പെട്ടു. അപരനോടുള്ള പരിഗണനയിലാണ് സംസ്കാരം. ഇന്ന് അതും നഷ്ടപ്പെട്ടു. വാദങ്ങളും പ്രതിവാദങ്ങളും ഇന്നുള്ളു. ഡയലോഗ് ഉണ്ടാകുന്നില്ല.

ആധുനിക കാലത്ത് സത്യം നഷ്ടപ്പെട്ടുപോയി. ധാർമികമല്ല. നമ്മൾ എങ്ങനെ ഒരു വസ്തുത കാണുന്നു എന്നതാണ് ഇന്നു പ്രധാനം. റിയാക്ട് ചെയ്യുകയാണ്. വായനക്കാർക്കും പക്ഷമുണ്ട്. ഓരോ വ്യക്തിയും ഓരോ സമൂഹമായി പ്രവർത്തിക്കുന്നു. ഞാനാണ് ശരിയെന്ന് ഓരോരുത്തരും ധരിക്കുന്നു. പ്രശ്നങ്ങൾ ഉണ്ടാക്കാനല്ലാതെ പരിഹരിക്കാനുള്ള പരിശീലനം ഇന്ന് ആർക്കുമില്ല. രാഷ്ട്രീയക്കാരും മാധ്യമങ്ങളും പരിഹാരത്തിന്റെ ഭാഗമാകുന്നില്ല. മാധ്യമഭാഷയ്ക്കു തന്നെ വ്യത്യാസമായി പോയി. വെറുപ്പ് മാർക്കറ്റ് ചെയ്യുകയാണ് മാധ്യമങ്ങൾ.

കാപട്യമുള്ള മാധ്യമപ്രവർത്തനത്തിനുപകരം സാമൂഹിക പ്രതിബദ്ധതയും സത്യവും നിഷ്പക്ഷതയുമുള്ള മാധ്യമപ്രവർത്തനമാണ് ഈ കാലഘട്ടത്തിനാവശ്യം.

മാധ്യമങ്ങൾ സുവിശേഷ വ്യാപനത്തിന്

റവ. ജോൺ തോമസ്
(അന്തർദേശീയ പ്രസിഡന്റ്, ശാരോൻ ഫെലോഷിപ്പ് ചർച്ച്)

മാധ്യമങ്ങൾ വലിയ രീതിയിൽ ഇന്ന് സാധീനിക്കുന്നു. കൊറോണക്കു ശേഷം Zoom ഉൾപ്പടെ നവമാധ്യമങ്ങൾ സുവിശേഷഘോഷണത്തിൽ പ്രയോജനപ്പെടുന്നു. യുവജനങ്ങൾ മാത്രമല്ല പ്രായമുള്ളവർ വരെ ഇതിന്റെ ഉപഭോക്താക്കളാണ്. എഴുത്തിലാണെങ്കിലും ദൃശ്യാവിഷ്കാരത്തിലാണെങ്കിലും നമ്മുടെ കഴിവുകൾ പ്രകടിപ്പിച്ച് പുറം ലോകത്തിൽ സുവിശേഷീകരണത്തിൽ പ്രയോജനപ്പെടുത്തണം. സഭയുടെയും സംഘടനയുടെയും അതിർവരമ്പുകൾക്ക് അപ്പുറമായി നവമാധ്യമങ്ങൾ പ്രവർത്തിക്കുന്നു. പ്രിന്റ് മീഡിയ, ടെലിവിഷൻ, റേഡിയോ, ഓൺലൈൻ മാധ്യമങ്ങൾ എല്ലാം സുവിശേഷീകരണത്തിന് പ്രയോജനപ്പെടണം. സമൂഹത്തിൽ അശരണരുടെയും അവഗണിക്കപ്പെട്ടവരുടെയും പുനരുദ്ധാരണത്തിന് ഗ്ലോബൽ മീഡിയയുടെ പ്രവർത്തനങ്ങൾക്ക് സാധ്യമാകണം. ഈ അന്ത്യകാലത്ത് സുവിശേഷീകരണത്തിന് മാധ്യമങ്ങളുടെ അനന്തസാധ്യതകൾ ഏതറ്റം വരെയും പ്രയോജനപ്പെടുത്തി ആത്മാക്കളെ നേടാൻ സാധിക്കട്ടെ.

എഴുത്തുകളുടെ അടിസ്ഥാനം വിശ്വാസം

ഡോ. ആനി ജോർജ്ജ്
(പ്രിൻസിപ്പാൾ, എഫ്റ്റിഎസ് മണക്കാല)

നമ്മുടെ രചനകളിൽ എങ്ങനെ വിശ്വാസം പ്രതിഫലിപ്പിക്കാൻ സാധിക്കും എന്നതിനെ ആസ്പദമാക്കി സംസാരിച്ചു. പ്രധാനമായി 4 കാര്യങ്ങൾ പ്രസ്താവിച്ചു.
1. എഴുത്തുകളുടെ അടിസ്ഥാനം വിശ്വാസം ആയിരിക്കണം.
2. വരും തലമുറയെക്കുറിച്ച് ഒരു കാഴ്ചപ്പാട് ഉണ്ടായിരിക്കണം.
3. ആത്മീയ വിഷയങ്ങളുടെ ആഴങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാകുന്ന രീതിയിൽ എഴുതണം.
4. ദൈവീക ജ്ഞാനം വായനക്കാരിൽ എത്തിക്കാൻ എഴുത്തുകാർക്ക് സാധിക്കണം.

അന്ധകാരം നിറഞ്ഞ ഈ ലോകത്തിൽ നമ്മുടെ എഴുത്തുകൾ ഒരു വെളിച്ചം ആയിരിക്കണം. ധാർമ്മികമായ ആശയക്കുഴപ്പം നിറഞ്ഞുനിൽക്കുന്ന ഈ തല മുറയിൽ പരിശുദ്ധാത്മാവിനാൽ നമ്മുടെ വിശ്വാസം എഴുത്തിൽ പ്രതിഫലിക്കട്ടെ. നമ്മുടെ നാവും തൂലികയും ശുഭവചനത്താൽ നിറഞ്ഞ് കർത്താവിനായി എഴുതുവാൻ ഏവർക്കും സഹായിക്കട്ടെ.

ജീവിതാനുഭവങ്ങൾ എഴുതുക

സുവി. പി.ജി. വർഗീസ്
(പ്രമുഖ ഉത്തരേന്ത്യൻ മിഷനറി)

എഴുത്തു നഷ്ടപ്പെട്ട ഈ കാലഘട്ടത്തിൽ നിങ്ങൾ എന്തെങ്കിലും കർത്താവിനായി എഴുതണം. അത് ട്രാക്കോ, ചെറുപുസ്തകമോ എന്തെങ്കിലും ആകട്ടെ. എഴുതിയത് മറ്റുള്ളവരിലേയ്ക്ക് എത്തിക്കണമെന്ന് ഉപദേശിച്ചു. പി.ജി. വർഗീസ് ആദ്യമായി എഴുതാൻ ഉണ്ടായ സാഹചര്യവും എഴുത്തിന്റെ വഴികളും നൂറ് പുസ്തകം എഴുതണം എന്ന തന്റെ ദർശനവും പങ്കുവച്ചു. അറിപ്പെടേണ്ട പലരുടേയും ജീവിതാനുഭവങ്ങൾ അറിയപ്പെടാതെ പോയത് എഴുതിവെക്കാത്തതുകൊണ്ടാണ്. സ്വയസിദ്ധമായ നർമ്മത്തിൽ ചാലിച്ച ഉദാഹരണ സഹിതമുള്ള പ്രഭാഷണം കേട്ടവരുടെ ഇടയിൽ ചിരിയും ചിന്തയും ഉണർത്തി. ഏവർക്കും മനസ്സിലാകുന്ന ലളിതമായ ഭാഷയിൽ എഴുതണം. നാം ഓരോരുത്തരും പ്രവർത്തിക്കുന്ന മേഖലയുമായി ബന്ധപ്പെട്ട എഴുത്തുകൾ ഏറെ പ്രയോജനപ്പെടും.

'എഴുത്തുകാർ 'റേമ' ആകണം

ഡോ. കെ. ജെ. മാത്യു
(സൗത്ത് ഇന്ത്യാ എജി ജനറൽ സെക്രട്ടറി)

ഏല്ലാ എഴുത്തുകാരും ഒരു ലോഗോസ് ആയാൽ പോരേ ആയി തീരണം. ക്രൈസ്തവ സാഹിത്യകാരന്മാരെ ദൈവം ഏൽപ്പിച്ച ദൗത്യം his highly incarnative ആണ്. അതായത് എപ്പോഴും അവതരിക്കൽ ആണ്. വചനത്തെ ശരാശരിക്കാരൻ, സാധാരണക്കാരന് അവരുടെ ദുഃഖത്തിന്റെ മധ്യത്തിൽ റേമ ആയിത്തീരുന്നതാണ് ദൗത്യം. എഴുത്തുകാർക്ക് നവീകരണ ശുശ്രൂഷ ഈ തലമുറയിൽ ചെയ്യുവാൻ സാധിക്കും. സാഹിത്യ രചനയുടെ ലക്ഷ്യം (Liberative) വിമോചനവരം ആകണം. ബൈബിൾ മലയാള തർജ്ജമയാണ് കേരളക്കരയിൽ പരിവർത്തനം സൃഷ്ടിച്ചത്. പീഡിതരുടെയും സങ്കടപ്പെടുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും കണ്ണുനീർ ഒപ്പുന്നതായിരിക്കണം നമ്മുടെ എഴുത്തുകൾ. നമ്മുടെ എഴുത്തിലൂടെ അത്ഭുതങ്ങൾ സൃഷ്ടിക്കട്ടെ.

നമ്മുടെ പിതാമഹന്മാർ പെന്തെക്കോസ്തിനുവേണ്ടി സഹിച്ച പങ്കപ്പാടുകൾ നാം കണ്ടില്ലെന്നു നടിക്കരുത്. അവർ ഏറ്റ കൊടും വെയിലിന്റെ കഷ്ടപ്പാടിൽ പണിതുയർത്തിയ പ്രസ്ഥാനത്തിന്റെ ഊഷ്മള തണലിൽ ഇരുന്ന് സഭയെ നയിക്കുമ്പോഴും അവർ അനുഭവിച്ച വേദനകൾ, പട്ടിണികൾ, അവഗണനകൾ, കഷ്ടതകൾ, അവർ ഏറ്റ മർദ്ദനങ്ങൾ ഇവയൊന്നും നാം മറക്കരുത്.

മീഡിയ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട പ്രമേയങ്ങളുടെ പ്രസക്തഭാഗങ്ങൾ

പെന്തെക്കോസ്തു സഭകളുടെ പ്രയാണം ആശങ്ക മുറ്റിനില്ക്കുന്ന കാലഘട്ടത്തിലൂടെ

സകേൾക്കും വിശ്വാസികൾക്കും നേരെയുള്ള അക്രമണവും പീഡനവും തുടരെ പലയിടത്തായി ഉണ്ടായിക്കൊണ്ടിരിക്കുന്നത് നമ്മെ ഏറെ ആശങ്കപ്പെടുത്തുപ്പോഴും സഭാനേതൃത്വം അവരുടെ ദൗത്യം മറന്നുള്ള പ്രക്രിയകളിൽ സജീവമാവുകയും അതിനു നേതൃത്വം കൊടുക്കുകയും അത്തരം കാര്യങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നതാണ് വിശ്വാസിക ളെയും നിഷ്കളങ്കരായ ശുശ്രൂഷകമാരെയും ഏറെ നൊമ്പരപ്പെടുത്തുന്നത്.

പുറമേയുള്ള എതിർപ്പുകൾ സഭയെ ഒന്നടങ്കം ആടിയുലയ്ക്കുമ്പോൾ അവയ്ക്കെതിരെ സഭയെ ഐക്യത്തിൽ നിലനിർത്തി ജാഗ്രതയുള്ളവരാക്കാൻ നേതൃത്വം മുതിരാതെ സഭയ്ക്കുള്ളിലെ ഛിദ്രശക്തികൾക്കു പ്രോത്സാഹനം നൽകുന്നതിൽ ഞങ്ങൾ പെന്തെക്കോസ്തു മാധ്യമപ്രവർത്തകർ ആശങ്കപ്പെടുന്നു.

നമ്മുടെ പിതാമഹന്മാർ പെന്തെക്കോസ്തിനുവേണ്ടി സഹിച്ച പങ്കപ്പാടുകൾ നാം കണ്ടില്ലെന്നു നടിക്കരുത്. അവർ ഏറ്റ കൊടും വെയിലിന്റെ കഷ്ടപ്പാടിൽ പണിതുയർത്തിയ പ്രസ്ഥാനത്തിന്റെ ഊഷ്മള തണലിൽ ഇരുന്ന് സഭയെ നയിക്കുമ്പോഴും അവർ അനുഭവിച്ച വേദനകൾ, പട്ടിണികൾ, അവഗണനകൾ, കഷ്ടതകൾ, അവർ ഏറ്റ മർദ്ദനങ്ങൾ ഇവയൊന്നും നാം മറക്കരുത്. സഭയിൽ കയറിക്കൂടിയ അനാഥോധ്യകരമായ രാഷ്ട്രീയവത്ക്കരണം സഭയുടെ കെടുറപ്പിനെ വരെ ബാധിച്ചുവെന്നും നാം മറക്കരുത്.

ഒരു പുതിയ ദിശയിലേക്ക്, ദർശനത്തിലേക്ക് സഭയെ നയിക്കാനായി നിയമിക്കപ്പെട്ടിരിക്കുന്നവരായവർ അതിലേക്ക് സഭയെ മുന്നോട്ടു നയിക്കാൻ വേണ്ട കരുതലും ജാഗ്രതയും ഉണ്ടാവണമെന്ന് ലോകമെമ്പാടുമുള്ള പെന്തെക്കോസ്തു മാധ്യമപ്രവർത്തകരുടെ വേദിയായ ഗ്ലോബൽ മലയാളി പെന്തെക്കോസ്തു മീഡിയ അസോസിയേഷൻ ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ക്രൈസ്തവർക്കെതിരെയുള്ള പീഡനങ്ങളിൽ ആശങ്കയും ഉത്കണ്ഠയും വർധിക്കുന്നു

ക്രൈസ്തവ സഭകളുടെ നേരെയുള്ള കടന്നുപോകുന്ന നാളുകളാണിത്. ലോകത്തെമ്പാടുമുള്ള സഭകൾ ഈ പ്രതിസന്ധികളെ നേരിടുന്നുണ്ട്. അനേകം രാജ്യങ്ങളിൽ ക്രൈസ്തവർക്കെതിരെ കൊടിയ പീഡനങ്ങൾ നടക്കുന്നുണ്ട്. ഇതിലുടെ പല മിഷനറിമാരുടെയും വിശ്വാസികളുടെയും ജീവൻ നഷ്ടപ്പെടുകയും ചെയ്യുന്നു. 2014 നു ശേഷമാണ് പീഡനങ്ങൾ കൂടുതൽ ശക്തിയാർജ്ജിച്ചത്.

നാം ജനിച്ചു വളർന്ന ഭാരതത്തിലെ സ്ഥിതിയും ഒട്ടും വിഭിന്നമല്ല. മിഷനറി ഗ്രഹാം സ്റ്റെയിൻസും മക്കളും അനേകരുടെ മനസ്സിലെ നീറുന്ന ഓർമ്മകളാണ്. മണിപ്പൂർ സംസ്ഥാനത്ത് കഴിഞ്ഞ നാളുകളിലുണ്ടായ പ്രശ്നങ്ങൾ, നമ്മിലോരോരുത്തരിലും വരുത്തിയ വേദന വളരെ വലുതാണ്. വർഗീയവാദികൾ സുവിശേഷകരെയും ആലയങ്ങളിൽ പ്രാർഥനയ്ക്കെത്തുന്നവരെയും മൃഗീയമായി മർദ്ദിക്കുകയും ആരാധനാലയങ്ങൾ തകർക്കുകയും ബൈബിളിന്റെ കോപ്പികൾ കത്തിക്കുകയും ചെയ്യുന്നു.

ജനങ്ങൾക്കു നീതി നിവർത്തിച്ചു കൊടുക്കുന്ന പോലീസ് മിക്ക സ്ഥലങ്ങളിലും പക്ഷം ചേർന്ന് നീതി നിഷേധം നടത്തുന്നു. ക്രൈസ്തവർക്കെതിരെ കള്ളക്കേസുകൾ എടുക്കുകയും ജാമ്യം നിഷേധിച്ച് നിരപരാധികളെ അകാരണമായി ജയിലിലടയ്ക്കുകയും ചെയ്യുന്നു. ഈ അവസ്ഥയെ ക്രൈസ്തവർ വളരെ ആശങ്കയോടെയാണ് നോക്കിക്കാണുന്നത്. മതസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും ഭരണഘടനാ അവകാശങ്ങളാണെങ്കിലും ഇതിനു വിപരീതമായിട്ടാണ് ന്യൂനപക്ഷങ്ങൾക്കെതിരെ വിശേഷാൽ, ക്രൈസ്തവർക്കെതിരെ ആക്രമണങ്ങൾ ഉണ്ടാകുന്നത്.

ലോകവ്യാപകമായും ഭാരതത്തിലാകമാനവും നടക്കുന്ന ക്രൈസ്തവർക്കെതിരെയുള്ള പീഡനങ്ങളിൽ ആശങ്കയും ഉത്കണ്ഠയും രേഖപ്പെടുത്തി. അന്യായമായും ഈ നിലപാടുകൾക്കെതിരെ സർക്കാരുകൾ അടിയന്തിരമായി ഇടപെട്ട്, ഞങ്ങളുടെ ആശങ്കകൾ ദൂരീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ സമ്മേളനം ആവശ്യപ്പെട്ടു.

നവകേരള സൃഷ്ടിക്ക് കാലമായന്ന് തിരിച്ചറിയുക

അന്ധകാരാവൃതമായിരുന്ന ഒരു കാലത്തിന്റെ ചരിത്രമുള്ള നാടാണിത്. കടുത്ത ജാതി ചിന്തകളുടെയും അടിമത്വത്തിന്റെയും അസമത്വങ്ങളുടെയും പോയ കാലത്തിൽ നിന്ന് നമ്മുടെ നാട് മോചിത മായത് എങ്ങനെയെന്ന് ചരിത്രത്തിന്റെ താളുകൾ വെറുതെയൊന്ന് മറിച്ചു നോക്കിയാൽ കണ്ടെത്താവുന്നതേയുള്ളു. ആ പ്രയാണത്തിൽ വിദേശമിഷനറിമാരും ക്രൈസ്തവസമൂഹവും വഹിച്ച പങ്ക് നവകേരള പ്രചാരകർ ബോധപൂർവ്വം തമസ്കരിക്കുന്നു എന്നു പറയേണ്ടിവരുന്നതിൽ ദുഃഖമുണ്ട്.

പരസ്പരം സ്നേഹിച്ചും സഹകരിച്ചും അന്യന്റെ വിശ്വാസത്തെ ആദരിച്ചും ജീവിച്ചിരുന്ന നന്മയുള്ള മനുഷ്യരുടെ നാടായിരുന്നു സമീപകാലം വരെ ഈ മനോഹരകേരളം. ഇന്നിപ്പോൾ കടുത്ത വർഗീയ ചേരിതിരിവുകൾ കേരള സമൂഹത്തിൽ അപകടകരമാംവിധം വേരാഴ്ത്തിക്കഴിഞ്ഞു.

സമൂഹ മാധ്യമ ഇടങ്ങളെല്ലാം വെറുപ്പിന്റെ കനലെരിയുന്ന വാക്കുകൾകൊണ്ടും കാഴ്ചകൾകൊണ്ടും നിറയുകയാണ്. വെറുപ്പിന്റെ രാഷ്ട്രീയവും അപമതനിന്ദയും അന്തരീക്ഷത്തിലെങ്ങും ഫണം വിടർത്തിയാടുന്ന സർപ്പമായി വളർന്നുകഴിഞ്ഞു. ഏതു നിമിഷവും പൊട്ടിത്തെറിക്കാവുന്ന അഗ്നി പർവ്വതം പോലെ പക ഉറഞ്ഞുകൂടി പുകയുന്ന കഠിനമനസ്സുള്ള ചാവേറുകൾ എല്ലാ മതങ്ങളിലും ഒരു തീപ്പൊരിക്കായി കാത്തിരിക്കുന്നു. ഭരിക്കുന്നവരും പ്രതിപക്ഷത്തിരിക്കുന്നവരും പുതിയൊരു നവകേരള സൃഷ്ടിക്ക് കാലമായന്ന് തിരിച്ചറിയുക.

അധമ രാഷ്ട്രീയത്തിന്റെ തിരയിളക്കത്തിനെതിരെ, വർഗീയതയുടെയും വിഭാഗീയതയുടെയും അഗ്നി പടർത്തലിനെതിരെ, പ്രതികരിക്കുന്ന ഒരു പുതിയ നവകേരളമാണ് നമുക്കാവശ്യം. വിവേകത്തിന്റെയും, തിരിച്ചറിവുകളുടെയും, സഹോദര്യത്തിന്റെയും കേരളം നമുക്ക് തിരികെ ലഭിക്കുമെന്ന് പ്രതീക്ഷിക്കാം.

'നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു' എന്ന് ഉപദേശിച്ച ക്രിസ്തുവിന്റെ മനസ്സ് തിരിച്ചറിയാം. അതേ നമുക്കൊരു ദൗത്യമുണ്ട്. നമ്മുടെ നാട് നശിച്ചുപോകാതെ സംരക്ഷിക്കുവാനുള്ള ദൗത്യം. പ്രാർഥനയോടെ നമുക്കത് ഏറ്റെടുക്കാം.